# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.609 28.09.2011 ൽ മറുപടി.**

**സ്വകാര്യമേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന സർക്കാർ ഡോക്ടർമാർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് അനധികൃതമായി ലീവെടുത്ത് സർക്കാർ ഡോക്ടർമാർ സ്വകാര്യമേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തരത്തിൽ എത്ര ഡോക്ടർ മാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് എണ്ണം ഉറപ്പുവരുത്തുമോ; | ബി) രണ്ട് ഡോക്ടർമാർ അനധികൃതമായി ജോലിക്ക് ഹാജരാകാതെ സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) അനധികൃത ലീവ് അനുവദിക്കു കയില്ലെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊ ള്ളും; വിശദമാക്കുമോ; | സി) ഡോക്ടർമാർ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന വിവരം ലഭിച്ചാലുടൻ ടി. ഡോക്ടർമാരോട് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ ആവശ്യ പ്പെടുകയും അല്ലാത്തപക്ഷം പിരിച്ചുവിടൽ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുകയുമാണ് ചെയ്യുന്നത്. |
| ഡി) ഗ്രാമീണ സേവനത്തിന് തയ്യാറാ കാത്ത ഡോക്ടർമാരിൽ നിന്ന് പിഴയായി ഇപ്പോൾ എത്ര രൂപയാണ് ഈടാക്കുന്നത്; ഇതു ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | ഡി) 5 ലക്ഷം രൂപയാണ് ഇപ്പോൾ പിഴയായി ഈടാക്കുന്നത്. ഇത് ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ഇ) ഗ്രാമീണ സേവനം നടത്താതെ ഡോക്ടർമാർ വിദേശത്ത് ജോലി തേടിപ്പോകുന്നതിന് കർശന നിയ ന്ത്രണം ഏർപ്പെടുത്തുമോ; വിശദാംശ ങ്ങൾ ലഭ്യമാക്കുമോ? | ഇ) കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Ajay ...

സെക്ഷൻ ഓഫീസർ